# എസ്.എൻ.ട്രസ്റ്റ്സ് ഹയർ സെക്കന്ററി സ്കൂൾ
## തോട്ടട, കണ്ണൂർ –7
### അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

**ആമുഖം:**

*'സംഘടിച്ച് ശക്തരാകുക*
*വിദ്യകൊണ്ട് പ്രബുദ്ധമാവുക'*

എന്ന മഹത്തായ സന്ദേശം ലോകത്തിനു നൽകിയ ശ്രീനാരായണ ഗുരു ദേവന്റെ പവിത്രമായ നാമധേയം കൊണ്ട് ധന്യമായ എസ്.എൻ.ട്രസ്റ്റ്സ് ഹയർ സെക്കന്ററി സ്കൂൾ- തോട്ടട ഗോവർദ്ധനഗിരിക്ക് ഒരു തിലകക്കുറിയായി ശോഭിക്കുന്നു- ഈ വിദ്യാലയം ആരംഭിച്ചത് ഈ സഹസ്രാബ്ദത്തിലെ ആദ്യവർഷം തന്നെയാണ് എന്നത് യാദൃശ്ചികമാണെങ്കിലും ശ്രദ്ധേയമാണ്. 2000 ാം ആണ്ടിൽ ആരംഭിച്ച ഈ വിദ്യാലയത്തിന്റെ പിന്നീടുള്ള വളർച്ച വളരെ പെട്ടെന്നായിരുന്നു. പഠന നിലവാരത്തിലും കലാകായിക രംഗത്തും ഈ വിദ്യാലയത്തിനു മികച്ച പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചു. ആരാധ്യനായ ശ്രീ. വെള്ളാപ്പള്ളി നടേശനാണ് സ്കൂളിന്റെ മാനേജർ. ഹൈസ്കൂൾ - ഹയർ സെക്കന്ററി വിഭാഗങ്ങൾ ഒരേ പക്ഷിയുടെ രണ്ടു ചിറകുകൾ പോലെ ഏകോപനത്തോടെ മുന്നോട്ടു പോകുന്നു. ഹയർ സെക്കന്ററിയുടെ സാരഥ്യം വഹിക്കുന്നത് ഡോ: മിനി ടീച്ചറും ഹൈസ്കൂളിന്റേത് ശ്രീമതി. റീന ടീച്ചറുമാണ്. 2000 ജൂൺ 23 ന് എട്ടാം തരത്തിൽ 34 കുട്ടികളുമായി ആരംഭിച്ച ഈ വിദ്യാലയത്തിൽ 2001 ഒക്ടോബർ മാസത്തോടെ പ്ലസ് വൺ 3 ബാച്ചുകളിലായി 138 വിദ്യാർത്ഥികളുമായി അധ്യയനം ആരംഭിച്ചു. 2001 ൽ എട്ടാം തരത്തിൽ 3 ഡിവിഷനുമായി ഈ വിദ്യാലയം അതിന്റെ ജൈത്രയാത്ര ആരംഭിച്ചു. 2003ൽ ആദ്യത്തെ എസ്.എസ്.എൽ.സി ബാച്ച്

| 1 | ANEESHKUMAR P | MOB NO | PEN | D.O.B |
|---|---|---|---|---|

100% വിജയം കൈവരിച്ചു. തുടർന്നുള്ള വർഷങ്ങളിലും ആ തിളക്കമാർന്ന വിജയം ആവർത്തിച്ചു. കലാകായിക രംഗങ്ങളിൽ, ശാസ്ത്ര ഗണിതശാസ്ത്ര പ്രവൃത്തിപരിചയമേളകളിലും നിരവധി പ്രതിഭകളെ വളർത്തിയെടുക്കുവാനും നമ്മുടെ വിദ്യാലയത്തിന് സാധിച്ചു.

സ്കൂളിലെ ഭൗതിക സാഹചര്യങ്ങളിൽ വളരെയധികം കുറവുകളുണ്ടെങ്കിലും അവയെല്ലാം തരണം ചെയ്ത് നമ്മുടെ വിദ്യാലയം കണ്ണൂരിലെ പ്രശസ്തമായ വിദ്യാലയങ്ങളിൽ ഒന്നായി മാറി.

ഇപ്പോൾ 25 വർഷം പിന്നിടുമ്പോൾ നമ്മുടെ വിദ്യാലയം ഹൈസ്കൂൾ ഹയർ സെക്കന്ററി വിഭാഗങ്ങളി 40 അധ്യാപകരും 6 അനധ്യാപകരും 900 ഓളം വിദ്യാർത്ഥികളുമായി കണ്ണൂർ ജില്ലയിലെ എണ്ണപ്പെടുന്ന വിദ്യാലയമായി തലയുയർത്തി നിൽക്കുന്നു.

കുട്ടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്താൻ എല്ലാ അധ്യാപകരും അവരുടെ പരിശീനങ്ങളും വളരെ നന്നായി പ്രയോജനപ്പെടുത്തുന്നുണ്ട്. മലയാളത്തിളക്കം ശ്രദ്ധ, നവപ്രഭ തുടങ്ങിയ 8,9,10 ക്ലാസ്സുകളിലെ പാഠ്യ പദ്ധതികളിലൂടെ പഠന പിന്നോക്കാവസ്ഥയിലൂള്ള കുട്ടികളെ കണ്ടെത്തി ക്ലാസ്സുകൾ നൽകി വരുന്നു.

വളരെ ഊർജ്ജസ്വലരായ അധ്യാപകരുടെ നേതൃത്വത്തിൽ സ്കൂൾ നല്ല രീതിയിൽ മുന്നോട്ടു പോകുന്നുണ്ടെങ്കിലും ചില പരിമിതികൾ സ്കൂളിനു മുന്നിലുണ്ട്. പ്രധാനമായും നല്ല ബിൽഡിംഗുകൾ സ്കൂളിനില്ല. രണ്ട് സ്കൂൾ ബസ്സുകൾ മാത്രമേയുള്ളൂ. കൂടുതൽ സ്കൂൾ ബസ്സുകൾ ഉണ്ടായിരുന്നെങ്കിൽ ധാരാളം കുട്ടികൾക്ക് വരാനുള്ള സൗകര്യം വർദ്ധിക്കുമായിരുന്നു. 2025-26 അധ്യയന വർഷത്തിലേക്ക് കടക്കുമ്പോൾ 25-ാം വർഷത്തിലേക്ക് കടക്കുന്ന വിദ്യാലയം നേടാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

# അക്കാദമിക മാസ്റ്റർ പ്ലാൻ - 2025-26

**ലക്ഷ്യങ്ങൾ:**

കോവിഡാനന്തരം വിദ്യാലയത്തിൽ എത്തിച്ചേർന്ന പഠിതാക്കൾക്ക് അന്യമായിപ്പോയ കാര്യങ്ങൾ നികത്തിയെടുക്കുന്നതിന് മുൻഗണന നൽകിയാണ് മാസ്റ്റർപ്ലാൻ ആരംഭിക്കേണ്ടത്.

- എഴുത്തിലും വായനയിലും പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് ഈ അധ്യയനവർഷം അവസാനിക്കുന്നതിനിടയിൽ വേണ്ടത്ര പുരോഗതി വരുത്തണം.
- അക്ഷരങ്ങൾ, വാക്കുകൾ, ഭാഷാപ്രയോഗം എന്നിവ വികസിപ്പിക്കുന്നതിനായി പരമ്പരാഗതമായ രീതികൾ പുനരാവിഷ്ക്കരിക്കണം.
  ഉദാ:- കോപ്പിയെഴുത്ത്, കേട്ടെഴുത്ത്
- ഉച്ചാരണശുദ്ധി വർദ്ധിക്കുന്നതിനായി കുട്ടികൾക്ക് ഉറക്കെയുള്ള വായന ക്ലാസിലും വീട്ടിലും ഉണ്ടാവണം.
- പത്രവായന നിർബന്ധമാക്കണം.
- ഭാഷാപരമായും സർഗ്ഗാത്മകമായും ഉയർന്ന നിലവാരത്തിലുള്ള കുട്ടികൾക്ക് സാഹിത്യകൃതികൾ വായിക്കാനും സർഗ്ഗാത്മക രചനകളിലേർപ്പെടാനും സൗകര്യമൊരുക്കണം.
- ലൈബ്രറി വികസനം, പുസ്തക പരിചയം മുഴുവൻ കുട്ടികൾക്കും ഉണ്ടാവണം.
- 'അക്ഷരക്കളരി' പോലുള്ള പുത്തൻ രീതികൾ നടപ്പിലാക്കണം.
- ചോദ്യോത്തര പയറ്റ്-
- ഓരോ മാസത്തിലും വരുന്ന ദിനാചരണങ്ങൾ പഠനപ്രവർത്തനത്തിന്റെ ഭാഗമാക്കി മാറ്റണം. അതിനായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.
- കലാപരമായി കഴിവുള്ള കുട്ടികളെ കണ്ടെത്തി ഗ്രൂപ്പടിസ്ഥാനത്തിൽ പരിശീലനങ്ങൾ നൽകി മത്സരങ്ങളിൽ പങ്കെടുപ്പിക്കണം.
- വിദ്യാരംഗം പോലുള്ള ക്ലബ്ബുകൾ സജീവമാകണം.

- ലഭ്യമാകുന്ന മനുഷ്യവിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക. നാട്ടിലെ സാഹിത്യ സാമൂഹിക സാംസ്കാരിക മേഖലകളിലെ പ്രമുഖരെ വിദ്യാർത്ഥികളുമായി മുഖാമുഖം ഇരുത്തി സംവദിപ്പിക്കുക.
- വിദ്യാലയമുറ്റം - പച്ചക്കറി, പൂന്തോട്ടം, ഔഷധസസ്യപരിപാലനം നടത്തണം.
- വിദ്യാലയത്തിലും ക്ലാസ്സിലും പ്രകൃത്യനുകൂല ചിന്താഗതി വളർത്തിക്കൊണ്ടു വരിക.
- ജെ.ആർ.സി, സകൗട്ട് & ഗൈഡ്സ്, ലിറ്റിൽ കൈറ്റ്സ് തുടങ്ങിയ സേവന സംഘടനകൾ വളർത്തുക.
- സഞ്ചയിക പോലുള്ള സമ്പാദ്യശീലം ഉണ്ടാക്കിയെടുക്കുക.
- വിവിധ ക്ലബ്ബുകളുമായി സഹകരിച്ച് തോട്ടം നിർമ്മിക്കുക, വൃക്ഷത്തൈകൾ നടുക, പ്രകൃതിയും മണ്ണുമായും അടുക്കുക.
- ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന കുട്ടികളെ മുഖ്യധാരയിൽ എത്തിക്കുന്നതിനാവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
- പത്താം തരത്തിൽ ഉന്നതനിലവാരം റിസൾട്ട് ഉണ്ടാക്കാനാവശ്യമായ പരിപാടികൾ മുന്നാക്ക പിന്നാക്കക്കാർക്കായി നടപ്പിലാക്കുക.
- കുട്ടികൾക്ക് കളിച്ചും പഠിച്ചും വളരാനാവശ്യമായ സാഹചര്യം നമ്മുടെ വിദ്യാലയത്തിൽ ഉണ്ടാക്കിയെടുക്കുക.
- ആശ്രയം ആവശ്യമുള്ള വിദ്യാർത്ഥികൾക്കും കുടുംബത്തിനും കൈത്താങ്ങ് നൽകുക.
- ലൈബ്രറി, ലാബ് എന്നിവ ശാക്തീകരിക്കുകയും സാർവ്വത്രികമാക്കി മാറ്റുകയും ചെയ്യുക.
- സവിശേഷ കഴിവുള്ള കുട്ടികളെ പ്രത്യേക പരിഗണനയും പരിശീലനവും നൽകി മുൻനിരയിലെത്തിക്കുക.

ANEESH
ANEE
BIJI
B

# പ്രവർത്തന കലണ്ടർ – അക്കാദമികം

## മലയാളം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | എഴുത്തിലും വായനയിലും പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് ഈ അധ്യയന വർഷം അവസാനിക്കുന്നതിനിടയിൽ തന്നെ ശാശ്വത പ്രശ്ന പരിഹാരം ഉണ്ടാവണം. | ആഴ്ചയിൽ മൂന്നു ദിവസങ്ങളിലായി പത്രവാർത്തകൾ കുട്ടികൾ എഴുതിക്കൊണ്ടുവന്ന് ക്ലാസ്സിൽ അവതരിപ്പിക്കണം.<br><br>ഉച്ചാരണശുദ്ധി വർദ്ദിപ്പിക്കനായി ക്ലാസ്സിൽ, അസംബ്ലിയിൽ കുട്ടികളെ ഉറക്കെ വായിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ<br><br>കോപ്പിയെഴുത്ത്, കേട്ടെഴുത്ത് പുനരാവിഷ്ക്കരണം.<br><br>'അക്ഷരക്കളരി' പോലുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക. | ജൂൺ മുതൽ മാർച്ച് വരെ | മലയാളം അധ്യാപകർ | പ്രത്യേകം സാമ്പത്തികം ആവശ്യമില്ല |
| 2 | കുട്ടികളിൽ പ്രകൃത്യനുകൂല ചിന്താഗതി ഉണർത്തിക്കൊണ്ടു വരാനാവശ്യമായ പ്രവർത്തനങ്ങൾ | തോട്ടം, ഔഷധത്തോട്ടം, നക്ഷത്രവനം, നാട്ടു മരങ്ങൾ, വാഴകൾ, ഔഷധച്ചെടികൾ എന്നിവ പരിചയപ്പെടുകയും അത് പ്രാബല്യത്തിൽ വരുത്തുകയും ചെയ്യുക. | ജൂൺ മുതൽ സെപ്റ്റംബർ വരെ | മലയാളം സബ്ജക്ട് കൗൺസിൽ & ഇക്കോക്ലബ്ബ് | |

| | | | | | |
|---|---|---|---|---|---|
| 3 | കലാവാസനകൾ, സർഗ്ഗാത്മകരചനകൾ നടത്തുന്നകുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ | ഓരോ മാസത്തിലും വരുന്ന ദിനാചരണങ്ങൾ പഠന പ്രവർത്തനത്തിന്റെ ഭാഗമാക്കി കലാപ്രവർത്തനത്തിലും സർഗ്ഗാത്മക രചനകളിലും ഏർപ്പെടുക. | ജൂൺ മുതൽ മാർച്ച് വരെ | മലയാളം അധ്യാകർ | പരിപാടികൾക്ക് അനുസരിച്ച് |
| 4 | ഭാഷാ വിഷയത്തിൽ (മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം, അറബി) കുട്ടികൾക്ക് താൽപര്യം ഉണ്ടാക്കുന്നതിനായി വിവിധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിക്കുക.<br>ഉദാ:- സിനിമാക്ലബ്ബ്<br>ചലച്ചിത്രഗാനം / മാപ്പിളഗാനം | | | | |
| 5 | സാമൂഹ്യ മാധ്യമങ്ങളിൽ സജീവമായി ഇടപെടുന്ന പ്രവർത്തനങ്ങൾ നടത്തുക. | | | | |

# ACADEMIC MASTER PLAN 2025-26

## हिन्दी

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | അക്കാദമികം | 2023 Hindi Club Activity June 19 ന് വായനാ ദിനത്തോടെ ആരംഭിക്കുന്നു. Live ആയി കുട്ടികളെ വായിപ്പിക്കാൻ തീരുമാനിച്ചു. Hindi വാക്കുകൾ ബോർഡിൽ ഒരു വാക്ക് ഒരു ദിവസം പഠിപ്പിക്കാൻ തീരുമാനിച്ചു. | June | Hindi Club | |
| 2 | അക്കാദമികം | July 31 ന് **प्रेमचन्द जयंती** സംഘടിപ്പിക്കാൻ തീരുമാനിച്ചു. (**पोस्टर रचना, कविता रचना,Quiz, कृतिओं का परिचय**) | July | Hindi Club | |
| 3 | അക്കാദമികം | August 15 ന് **'हम और हमारा गाँव'** എന്ന വിഷയത്തിനെ ആസ്പദമാക്കി ഉപന്യാസ രചനാ മത്സരം നടത്താൻ തീരുമാനിച്ചു. | August | Hindi Club | |
| 4 | അക്കാദമികം | September 5 ന് കുട്ടി ടീച്ചർമാരെ കണ്ടെത്താനുള്ള മത്സരം നടത്താൻ തീരുമാനിച്ചു. | September | Hindi Club | |

8089998009 | D.O.B

| | | | | | |
|---|---|---|---|---|---|
| 5 | അക്കാദമികം | September 15 ന് Hindi Day (വിപുലമായി ആഘോഷിക്കാൻ കുട്ടികളുടെ വിവിധ മത്സരങ്ങൾ ഉൾപ്പെടുത്തി ആഘോഷിക്കാൻ തീരുമാനിച്ചു. | September | Hindi Club | |
| 6 | അക്കാദമികം | October 2 ന് പ്രസംഗ മത്സരം നടത്താൻ തീരുമാനിച്ചു. | October | Hindi Club | |
| 7 | അക്കാദമികം | November 14 ന് ഹിന്ദി ഗ്രന്ഥശാല സ്ഥാപിക്കാൻ തീരുമാനിച്ചു. | November | Hindi Club | |
| 8 | അക്കാദമികം | December 10 ന് 8,9,10 ക്ലാസ്സുകളിൽ സുഗമ ഹിന്ദി പരീക്ഷ നടത്താൻ തീരുമാനിച്ചു. | December | Hindi Club | |
| 9 | അക്കാദമികം | എല്ലാ Saturday യും 5 ഹിന്ദി വാക്കുകൾ മുഴുവൻ ക്ലാസ്സിലും കൊടുക്കാൻ തീരുമാനിച്ചു. ആദ്യം വാക്കിന്റെ അർത്ഥം Dictionary നോക്കി കണ്ടുപിടിക്കുകയും ശേഷം വാക്യങ്ങൾ ആക്കാൻ പരിശീലനം കൊടുക്കാൻ തീരുമാനിച്ചു. | January | Hindi Club | |

| | | | | | |
|---|---|---|---|---|---|
| 10 | അക്കാദമികം | 8,9,10 ക്ലാസ്സിൽ Google Meet വഴി ക്ലാസ്സ് എടുക്കുകയും ശേഷം പരീക്ഷ നടത്തുകയും കൂട്ടത്തിൽ വായനയ്ക്ക് സമയം കണ്ടെത്തി വായിപ്പിക്കാനും തീരുമാനിച്ചു. | february | Hindi Club | |

1. കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു
2. അക്ഷരങ്ങളെ തിരിച്ചറിഞ്ഞ് പരിചയപ്പെടുത്തി കൊടുക്കുക.
3. ഓരോ ക്ലാസിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക. ഹിന്ദിയിൽ എണ്ണം, ആഴ്ച, മാസം എന്നിവയുടെ ദൈനംദിന അവതരണം
4. ഹിന്ദിയിലുള്ള ഡയറി, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക.

# അക്കാദമിക മാസ്റ്റർ പ്ലാൻ - 2025-26

## സംസ്കൃതം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ഭാഷാപരമായ ശേഷികളിലെ പിന്നോക്കാവസ്ഥ | 'എന്റെ പുസ്തകം എന്റെ വായന' പദ്ധതി | 1 വർഷം | | സ്കൂൾ സംസ്കൃതം കൗൺസിൽ |
| 8, 9, 10 ക്ലാസ്സുകളിലെ കുട്ടികളിലെ മുഴുവൻ പഠനനേട്ടങ്ങളും കുട്ടികളെ അർഹരാക്കുക | വാരാന്ത്യ വായന-രചന കോർണർ<br><br>മുഴുവൻ പാഠങ്ങൾക്കും മാർക്ക് ഷീറ്റ് തയ്യാറാക്കുന്നു, നിരന്തര മൂല്യ നിർണയത്തിന് യൂണിറ്റ് ടെസ്റ്റുകൾ മറ്റ് സ്കൂളുകൾ തയ്യാറാക്കുന്നു. | 1 വർഷം | | സംസ്കൃതം കൗൺസിൽ |
| 3 ഭാഷാപഠനം രസകരമാക്കാനുള്ള ഉപകരണങ്ങളുടെ അഭാവം | സംസ്കൃത മാസികാ, പത്രങ്ങൾ എന്നിവയുടെ ലഭ്യത, വായനാ മത്സരം സ്കൂൾ - ലൈബ്രറി | 1 വർഷം | | |
| 4 കാണാനും കേൾക്കാനും എഴുതാനും സംസാരിക്കാനുമുള്ള അവസരക്കുറവ് | ഐ.ടി വിവരശേഖരണം<br><br>ലാംഗ്വേജ് - ലാബ്<br><br>നോക്കി എഴുത്ത് മത്സരം<br><br>കേട്ടെഴുത്ത് മത്സരം<br><br>മാഗസിനുകൾ തയ്യാറാക്കൽ | 1 വർഷം | | സംസ്കൃതം ക്ലബ്ബ് |

| | | | | | |
|---|---|---|---|---|---|
| 5 | പഠനത്തോടൊപ്പം സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിന്റെ അഭാവം | സിനിമ പ്രദർശനം (സംസ്കൃതം)<br><br>ഡോക്യുമെന്ററി പ്രദർശനം<br><br>ക്വിസ് മത്സരം<br><br>കവിതാ രചനാ മത്സരം<br><br>കഥാ രചനാ മത്സരം<br><br>കൈ എഴുത്ത് മാഗസിൻ പ്രദർശനം<br><br>സംഭാഷണ ശിബിരം | 1 വർഷം | | സംസ്കൃതം ക്ലബ്ബ്<br><br>&<br><br>സംസ്കൃതം കൗൺസിൽ |

NAME | MOB NO | PEN

# അക്കാദമിക മാസ്റ്റർ പ്ലാൻ – 2025-26

## സോഷ്യൽ സയൻസ്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| 1 | പ്രാദേശിക ചരിത്രത്തെ കുറിച്ചുള്ള ധാരണ ഉണ്ടാക്കുന്നതിന് | • പ്രാദേശിക ചരിത്രം തയ്യാറാക്കൽ<br>• ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പഠനയാത്ര | ജൂലൈ - ഒക്ടോബർ | |
| 2 | ചരിത്രപ്രധാന ദിനങ്ങളെ കുറിച്ചും ആഘോഷങ്ങളെ ക്കുറിച്ചുമുള്ള ധാരണയുണ്ടാക്കുന്നതിന് | • ദിനാചരണം സംഘടിപ്പിക്കൽ | ജൂൺ-മാർച്ച് | |
| 3 | സാമൂഹ്യശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | • ബുള്ളറ്റിൻ ബോർഡ്<br>• പത്രങ്ങളിലെ പ്രധാന വാർത്തകൾ രേഖപ്പെടുത്തൽ | ജൂൺ-മാർച്ച് | |
| 4 | പാഠഭാഗം ലളിതവും ആകർഷകവുമാക്കൽ | • ഐ.ടി അധിഷ്ഠിത പഠനപ്രവർത്തനങ്ങൾ<br>• വർക്ക് ഷീറ്റുകൾ നൽകൽ | ജൂൺ-മാർച്ച് | |
| 5 | കുട്ടികൾക്ക് പഴയ കാല ഉപകരണങ്ങളെ കുറിച്ച് ധാരണയുണ്ടാക്കുന്നതിന് | • വീടുകളിൽ പഴയ കാലത്ത് ഉപയോഗിച്ചിരുന്ന ഉപകരണങ്ങൾ, സാധനങ്ങൾ - ശേഖരിക്കൽ പ്രദർശനം | 6 മാസം | |
| 6 | പൗരധർമ്മം വളർത്തിയെടുക്കുക | • സമൂഹവുമായി ഇടപെടൽ<br>• വൃദ്ധസദനം സന്ദർശിക്കൽ | | |

| NAME | MOB NO | PEN | D.O.B |
|---|---|---|---|

# അക്കാദമിക മാസ്റ്റർ പ്ലാൻ – 2025-26

## ബയോളജി

### പൊതുവായ ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ബയോളജി വിഷയത്തിൽ അവബോധമുണ്ടാക്കാനുള്ള കഴിവ് വളർത്തിയെടുക്കുക.

2. ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനോട്ടുകൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.

3. ശാസ്ത്ര പഠനം രസകരവും ആകർഷകരവും ആക്കിമാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

4. ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

5. കാർഷിക അവബോധം വളർത്താനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | പ്രവർത്തന ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ബോധവൽക്കരണം | • ദിനാചരണങ്ങളുടെ കലണ്ടർ തയ്യാറാക്കി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു. | ജൂൺ–മാർച്ച് | ക്ലബ്ബ് അംഗങ്ങൾ | |
| 2 | ഭൂമിയുടെ നിലനിൽപ്പിന് അനിവാര്യ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ | • മാലിന്യങ്ങളെ വേർതിരിച്ച് സംസ്കരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക | ജൂൺ | Eco Club | |

| | | | | | |
|---|---|---|---|---|---|
| 3 | ലഹരി വിമുക്ത വിദ്യാലയം | • ബോധവൽക്കരണ ക്ലാസ്സുകൾ, പോസ്റ്റർ, ബാഡ്ജ് നിർമ്മാണം, സ്ലോഗൻസ് | ജൂൺ | Eco Club | |
| 4 | കൃഷിയുമായി കുട്ടികളെ അടുപ്പിക്കുന്നതിനും പ്രകൃതി വിഭവങ്ങളെ തിരിച്ചറിയുന്നതിനും | • കർക്കിടക വിഭവങ്ങളുടെ പ്രദർശനം, കാർഷിക ഉല്പന്നങ്ങളുടെ പ്രദർശനം | ജൂലൈ - ആഗസ്ത് | കുട്ടികളും ബയോളജി അധ്യാപകരും | |
| 5 | ICT സാധ്യത പ്രയോജനപ്പെടുത്തൽ | • വിവിധ ക്ലാസ്സുകളിലെ അധ്യായങ്ങൾ അനുസരിച്ച് വീഡിയോകളും, ചിത്രങ്ങളും, വർക്ക് ഷീറ്റുകളും | വർഷം മുഴുവൻ | ബയോളജി അധ്യാപകർ | |
| 6 | വിവിധ ജീവികളുടെ ആവാസ വ്യവസ്ഥയെ കുറിച്ച് അവബോധം ഉണ്ടാക്കുക. | | വർഷം മുഴുവൻ | ബയോളജി അധ്യാപകർ | |
| 7 | ജൈവ ഉദ്യാനം നിർമ്മിക്കുക. സംരക്ഷണത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുക. | • കുട്ടികളുടെ നേതൃത്വത്തിൽ ജൈവ വൈവിധ്യ ഉദ്യാനം നിർമ്മിക്കൽ | വർഷം മുഴുവൻ | കുട്ടികൾ ബയോളജി അധ്യാപകർ | |
| 8 | ശാസ്ത്രവബോധം വളർത്തൽ | • ലഘു പരീക്ഷണങ്ങൾ പ്രൊജക്ട്, സെമിനാറുകൾ, ശാസ്ത്ര- ശില്പശാലകൾ, വിദഗ്ദ്ധ ക്ലാസ്സുകൾ, ക്വിസ് മത്സരങ്ങൾ, പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് കുട്ടികളുടെ മോഡൽ പ്രദർശനം | വർഷം മുഴുവൻ | കുട്ടികൾ ബയോളജി അധ്യാപകർ | |

# ACADEMIC MASTER PLAN- 2025-26
# Mathematics

## ലളിതം മധുരം ഗണിതം

- ചതുഷ്ക്രിയകൾ അറിയാത്ത കുട്ടികൾ - ഇത്തരത്തിലുള്ള കുട്ടികളെ കണ്ടെത്തി ഒരു പ്രത്യേക സമയം കണ്ടെത്തിയുള്ള പരിശീലനം.
- ഗണിതത്തിൽ താൽപര്യം വളർത്താനായി ഗണിതമേള, ഗണിത ഗെയിം.

| | പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | കാലയളവ് |
|---|---|---|---|
| 1 | അടിസ്ഥാനഗണിതം | അടിസ്ഥാനഗണിതം അറിയാത്ത കുട്ടികൾക്ക് സമയം കണ്ടെത്തി യുള്ള പരിശീലനം | |
| 2 | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബിലേക്ക് അംഗങ്ങളെ തെരെഞ്ഞെടുക്കലും ഗണിതക്ലബ്ബ് രൂപീകരണവും | |
| 3 | ICT ഗണിത പഠനം | ICT യുടെ സഹായത്തോടെയുള്ള ഗണിത പഠനം സുഗമമാക്കൽ, Geogebra പരിശീലനം | |
| 4 | ഗണിത പ്രതിഭ | സ്കൂൾ തലത്തിൽ ക്വിസ് മത്സരം നടത്തി പ്രതിഭകളെ തെരെഞ്ഞെ ടുക്കൽ | |

| | പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | കാലയളവ് |
|---|---|---|---|
| 5 | ഗണിത ഗെയിം | ഗണിതതാല്പര്യം വർദ്ധിപ്പിക്കാൻ വിവിധ തരത്തിലുള്ള ഗണിത ഗെയിമുകൾ ആവിഷ്ക്കരിക്കുന്നു. | |
| 6 | ഗണിത ശാസ്ത്ര മേള | സ്കൂൾ തലത്തിൽ ഗണിത ശാസ്ത്രമേള നടത്തൽ | |